# ഏകജാലക പ്രവേശനം 2021

## അപേക്ഷകർ തന്നെ നേരിട്ട് അപേക്ഷിക്കുവാൻ സഹായിക്കുന്ന മാന്വൽ

## ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന് അപേക്ഷകർ എന്തെല്ലാം ചെയ്യണം

## പൊതു നിർദ്ദേശങ്ങൾ

♦ ഒന്നാം വർഷ ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ എകജാലക അഡ്മിഷൻ വെബ്സൈറ്റായ www.admission.dge.kerala.gov.in - ൽ ലഭ്യമായ പ്രോസ്പെക്ടസ്സും അനുബന്ധങ്ങളും വ്യക്തമായി വായിച്ച് മനസ്സിലാക്കേണ്ടതാണ്.

♦ അപേക്ഷകൾ പൂർണ്ണമായും ഓൺലൈൻ ആയാണ് സമർപ്പിക്കേണ്ടത്. അപേക്ഷകർക്ക് സ്വന്തമായി തന്നെ അപേക്ഷ സമർപ്പിക്കുവാൻ കഴിയും. മൊബൈൽ ഫോൺ ഉപയോഗിച്ചും അപേക്ഷ സമർപ്പിക്കാം.

♦ പത്താം തരം പഠന സ്കീം "Others" ആയിട്ടുള്ളവർ മാർക്ക് ലിസ്റ്റ്/സർട്ടിഫിക്കറ്റ്, തുല്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി (File in pdf format and size below 100 KB) അപേക്ഷയോടൊപ്പം അപ്‌ലോഡ് ചെയ്യണം.

♦ മറ്റു അപേക്ഷകർ അപേക്ഷയോടൊപ്പം രേഖകൾ ഒന്നും അപ്‌ലോഡ് ചെയ്യേണ്ടതില്ല. **കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഓൺലൈൻ അപേക്ഷ പ്രിൻറൗട്ടും അനുബന്ധരേഖകളും വെരിഫിക്കേഷനായി സ്കൂളുകളിൽ സമർപ്പിക്കേണ്ടതില്ല.**

♦ അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിനു മുമ്പ് അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള ആനുകൂല്യങ്ങൾക്കായി അവകാശം ഉന്നയിക്കുന്നുണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൈവശം ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിലെ വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായവ) അപേക്ഷാ സമയത്ത് ഉൾപ്പെടുത്തേണ്ടതുണ്ട് .

♦ അപേക്ഷകർക്ക് സ്വന്തമായോ, അല്ലെങ്കിൽ പത്താംതരം പഠിച്ചിരുന്ന ഹൈസ്കൂളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും അതുപോലെ തന്നെ ആ പ്രദേശത്തെ ഗവൺമെന്റ് / എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കമ്പ്യൂട്ടർ ലാബ് സൗകര്യവും അദ്ധ്യാപകരുടെ സഹായവും പ്രയോജനപ്പെടുത്തി, വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രവേശനത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.

♦ അപേക്ഷാർത്ഥി നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി ലഭിക്കുന്ന അലോട്ട്മെന്റിൽ പ്രവേശനം നേടുന്നതിനായി രേഖകൾ വെരിഫിക്കേഷനായി സമർപ്പിക്കുമ്പോൾ തെറ്റായ വിവരം നൽകി അലോട്ട്മെന്റിൽ ഇടം നേടിയതാണെന്നു കണ്ടെത്തുകയാണെങ്കിൽ അത്തരം അലോട്ട്മെന്റുകൾ റദ്ദാക്കി പ്രവേശനം നഷ്ടപ്പെടുമെന്നുള്ളതിനാൽ അപേക്ഷയിൽ വിവരങ്ങൾ ശ്രദ്ധയോടും കൃത്യതയോടും കൂടി നൽകേണ്ടതാണ്.

♦ അപേക്ഷാ സമർപ്പണം ആരംഭിക്കുന്നതിനു മുമ്പ് പ്രവേശനം ആഗ്രഹിക്കുന്ന സ്കൂളിന്റെ കോഡ് - കോഴ്സിന്റെ കോഡ് (ഓപ്ഷനുകൾ) എന്നിവ അടങ്ങുന്ന ഒരു ലിസ്റ്റ് എഴുതി കൈവശം വയ്ക്കുക. (സി.ബി.എസ്.ഇ പാസ്സായ അപേക്ഷകർ മാത്സ്, ബേസിക് ആണ് പഠിച്ചതെങ്കിൽ അവർക്ക് കണക്ക് സബ്ജക്ട് വരുന്ന സയൻസ് കോഴ്സുകൾ ഓപ്ഷൻ ആയി നൽകാൻ കഴിയില്ല) .

## അപേക്ഷാ സമർപ്പണ വേളയിൽ ശ്രദ്ധിക്കേണ്ടവ

- www.admission.dge.kerala.gov.in - ലെ “Click for Higher Secondary (Vocational) Admission” എന്നതിലൂടെ അഡ്മിഷൻ വെബ്സൈറ്റിൽ പ്രവേശിച്ച് CREATE CANDIDATE LOGIN-SWS എന്ന ലിങ്കിലൂടെ കാൻഡിഡേറ്റ് ലോഗിൻ സൃഷ്ടിക്കാവുന്നതാണ്. ഇത്തരത്തിൽ മൊബൈൽ ഒ.റ്റി.പി യിലൂടെ സുരക്ഷിത പാസ്സ് വേഡ് നൽകി സൃഷ്ടിക്കപ്പെടുന്ന കാൻഡിഡേറ്റ് ലോഗി നിലൂടെ ആയിരിക്കും അപേക്ഷാ സമർപ്പണവും തുടർന്നുള്ള പ്രവേശന പ്രവർത്തനങ്ങളും അപേക്ഷാർത്ഥികൾ നടത്തേണ്ടത്.
- അപേക്ഷ സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അപേക്ഷാ നമ്പർ കൃത്യമായി എഴുതി സൂക്ഷിക്കുക.
- പ്രവേശന സംബന്ധമായ അറിയിപ്പുകൾ നൽകേണ്ടതിനാൽ ഓൺലൈൻ അപേക്ഷയിൽ വിദ്യാർത്ഥിയുടേയോ രക്ഷാകർത്താവിന്റെയോ മൊബൈൽ നമ്പർ മാത്രം നൽകുക.
- അലോട്ട്മെന്റുകളും അനുബന്ധ വിവരങ്ങളും അറിയുന്നതിന് അഡ്മിഷൻ വെബ്സൈറ്റ് (www.admission.dge.kerala.gov.in) നിരന്തരം സന്ദർശിക്കേണ്ടതാണ്.

# ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിലെ വിവിധ ഘട്ടങ്ങൾ

| | | |
|---|---|---|
| I ക്യാൻഡിഡേറ്റ് ലോഗിൻ | II ഓൺലൈൻ അപേക്ഷാ സമർപ്പണം | III ട്രയൽ അലോട്ട്മെന്റ് പരിശോധന |
| IV ഓപ്ഷൻ പുനക്രമീകരണം | V അലോട്ട്മെന്റ് പരിശോധന | VI സ്കൂൾ പ്രവേശനം ഉറപ്പാക്കൽ |


## ഹയർസെക്കണ്ടറി (വൊക്കേഷണൽ) പ്രവേശനത്തിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്ന രീതി

1. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഹയർസെക്കണ്ടറി/ ഹയർസെക്കണ്ടറി (വൊക്കേഷണൽ) വിഭാഗങ്ങളുടെ അഡ്മിഷൻ വെബ്സൈറ്റ് ഗേറ്റ്വേ ആയ www.admission.dge.kerala.gov.in ലെ "Click for Higher Secondary (Vocational) Admission" എന്നതിലൂടെ ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ വെബ് സൈറ്റിൽ പ്രവേശിക്കേണ്ടതാണ്.




ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ


2. ഹയർസെക്കണ്ടറി (വൊക്കേഷണൽ) അഡ്മിഷൻ വെബ് സൈറ്റിൽ കാണുന്ന CREATE CANDIDATE LOGIN-SWS എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.





CREATE CANDIDATE LOGIN-SWS


3. അപ്പോൾ കാൻഡിഡേറ്റ് ലോഗിൻ നിർമ്മിക്കാനുള്ള പേജ് ലഭിക്കുന്നതാണ്. പട്ടികയിൽകാണുന്ന വിവിധ സ്കീമുകളിൽ നിന്ന് അപേക്ഷന്റെ സ്കീം കൃത്യമായി തിരഞ്ഞെടുക്കുക.കൂടാതെ അപേക്ഷാർത്ഥിയുടെ എസ്.എസ്.എൽ.സി അഥവാ തത്തുല്യ പരീക്ഷയുടെ രജിസ്റ്റർ നമ്പർ, പരീക്ഷ വിജയിച്ച മാസവും വർഷവും ജനന തീയതി എന്നിവ കൃത്യമായി ചേർക്കുക. ഈ രജിസ്ട്രേഷൻ പേജിൽ നൽകുന്ന മൊബൈൽ നമ്പറിലാണ് ഒ.ടി.പി യും മറ്റു വിവരങ്ങളും വരുന്നത്. ആയതിനാൽ മൊബൈൽ നമ്പർ കൊടുക്കുമ്പോൾ അതീവ ശ്രദ്ധയോടെ ശരിയായ മൊബൈൽ നമ്പർ തന്നെ കൊടുക്കുക. അപേക്ഷാ സമർപ്പണ രീതി (സ്വന്തമായോ/സ്കൂൾ സഹായക കേന്ദ്രം മുഖേനയോ/മറ്റ് രീതി), അപേക്ഷകന്റെ ജില്ല എന്നിവ കൊടുത്തു കഴിയുമ്പോൾ ചുവടെ കാണുന്ന സ്ക്രീൻ ദൃശ്യമാകും.

| Scheme | Code |
|---|---|
| SSLC (2020-21) | 01 |
| SSLC (2007-2020) | 02 |
| THSLC-IHRD (New Scheme) | 03 |
| CBSE | 04 |
| ICSE | 05 |
| SSLC (IED) | 06 |
| Other | 07 |
| THSLC-Tech.Edu(New Scheme 2016 Onwards) | 08 |




4. കാൻഡിഡേറ്റ് രജിസ്ട്രേഷൻ പേജിൽ കാണുന്ന വിവരങ്ങൾ ശരിയാണോ എന്ന് പരിശോധിച്ച് മൊബൈൽ നമ്പറിലേക്ക് ഒ.റ്റി.പി ലഭിക്കുവാൻ സെൻഡ് ബട്ടൺ ക്ലിക്ക് ചെയ്യുക. അപ്പോൾ ചുവടെ കാണുന്ന പേജ് ദൃശ്യമാവും. അതിൽ നിങ്ങളുടെ മൊബൈൽ ഫോണിൽ ലഭിച്ചിട്ടുള്ള ഒ.റ്റി.പി എന്റർ ചെയ്യുക. ഒ.റ്റി.പി എന്റർ ചെയ്തു കഴിയുമ്പോൾ അപേക്ഷന്റെ കാൻഡിഡേറ്റ് ലോഗിന്റെ പാസ്സ്‌വേർഡ് സൃഷ്ടിക്കാനുള്ള പേജ് ദൃശ്യമാകും








5. പുതിയ പാസ്സ് വേർഡ് നൽകുമ്പോൾ ചുവടെ ചേർക്കുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. പാസ്സ് വേർഡിൽ കുറഞ്ഞത് 8 ക്യാരക്ടർസ് എങ്കിലും ഉണ്ടാവണം. ഇതിൽ ഏറ്റവും കുറഞ്ഞത് ഒരു ക്യാപിറ്റൽ ക്യാരക്ടറും ഒരു സ്മാൾ ക്യാരക്ടറും ഒരു സ്പെഷ്യൽ ക്യാരക്ടറും ഒരു അക്കവും ഉണ്ടായിരിക്കണം. പുതിയ പാസ്സ്‌വേർഡ് നൽകി അപ്ഡേറ്റ് ബട്ടൺ ക്ലിക്ക് ചെയ്ത് കഴിയുമ്പോൾ കാൻഡിഡേറ്റ് ലോഗിൻ വിജയകരമായി സൃഷ്ടിക്കപ്പെട്ടു എന്ന മെസ്സേജ് ലഭിക്കും. അതിൽ കാണുന്ന അപേക്ഷകന്റെ അപേക്ഷ നമ്പർ എഴുതി സൂക്ഷിക്കുക. അതിനോടൊപ്പം രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിൽ അപേക്ഷാ നമ്പർ എസ്.എം.എസ് രൂപത്തിൽ ലഭിക്കുകയും ചെയ്യും. ഈ അപേക്ഷാ നമ്പറും നേരത്തെ നൽകിയ പാസ്സ്‌വേഡും ജില്ലയും നൽകിയാണ് ഇനി മുതൽ കാൻഡിഡേറ്റ് ലോഗിൻ ചെയ്യേണ്ടത്.









6. ഇനി ക്യാൻഡിഡേറ്റ് ലോഗിൻ എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുമ്പോൾ ചുവടെ കാണുന്ന സ്ക്രീൻ ലഭ്യമാവും. അതിൽ അപേക്ഷാ നമ്പറും പാസ്സ് വേഡും ജില്ലയും നൽകുക.




7. ക്യാൻഡിഡേറ്റ് ലോഗിൻ പേജിലെ ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുമ്പോൾ ചുവടെ കാണുന്ന പേജ് ദൃശ്യമാവും. അവിടെ New/Edit Application എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.





Candidate Login (2021-2022)

**SSLC School Details**

| | |
|---|---|
| Application Number | 174487 |
| Select school in which candidate passed Qualifying examination | SELECT SCHOOL * |

**Qualifying Examination Details**

| | |
|---|---|
| Scheme | THSLC-Tech.Edu(New Scheme 2016 Onwards) |
| Register No. | 123456 |
| Month pass | 3 |
| Year pass | 2021 |
| Passed in Board exam | Yes * |

**Eligible for Bonus Points**

- ☐ Swimming or SPC or NCC or Scout/Guide(Rashtrapathi Puraskar or Rajya Puraskar)
- ☐ Little Kites IT Club
- ○ Dependent of Jawan
- ○ Dependent of jawan killed
- ◉ None

**Personal Details**

| | |
|---|---|
| Name | CANDIDATE NAME * |
| Gender | Male * |
| Caste | CASTE * |
| Category | SELECT COMMUNITY * ☐ belongs to OEC |
| Religion | SELECT RELIGION * |
| Date of Birth | 01-01-2005 |
| Father's Name | FATHER'S NAME * |
| Mother's Name | MOTHER'S NAME * |
| Guardian's Name | GUARDIAN'S NAME * |

**Extra Curricular Activities**

Participation in Sports

| State Level | Dist-1st(NPSL**) | Dist 2nd | Dist 3rd | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

Participation in Youth Festivals

| State Level | Dist-A(NPSL**) | Dist-B Grade | Dist-C Grade | Dist Lvl Part'n |
|---|---|---|---|---|
| 0 | 0 | 0 | 0 | 0 |

(NPSL** :- Not Participated in State Level)

**Other Details**

| | |
|---|---|
| Whether Belongs to Ling.Minority | ☐ |
| Minority Language | SELECT |
| Whether Belongs to Fisherman | ☐ |
| If Physically Challenged | ☐ O.H ☐ Blind ☐ Deaf ☐ Mental |

**Co-Curricular Activities**

NTSE Qualified ☐

| | A-Grade | B-Grade | C-Grade | D-Grade | E-Grade |
|---|---|---|---|---|---|
| State Science Fair | 0 | 0 | 0 | 0 | 0 |
| State Social Science Fair | 0 | 0 | 0 | 0 | 0 |
| State Maths Fair | 0 | 0 | 0 | 0 | 0 |
| State IT Fair | 0 | 0 | 0 | 0 | 0 |
| State Work Experience Fair | 0 | 0 | 0 | 0 | 0 |

- Philately Club ☐
- Debating Club ☐
- Oratory Club ☐
- IT Club ☐
- Literary Contribution ☐ In periodicals ☐ In school magazines
- Red Cross ☐
- Social Science Club ☐
- Science Club ☐
- Environment Club ☐
- Forestry Club ☐
- Maths Club ☐
- Health Club ☐

☐ Participation in Scout/Guides(but not awarded Rashtrapathi Puraskar or Rajya Puraskar)

Chance No. *

**Residence Details**

| | |
|---|---|
| Resident State | Kerala * |
| Resident District | SELECT DISTRICT * |
| Resident Taluk | SELECT TALUK * |
| Resident Localbody | SELECT LOCAL BODY * |

**Contact Details**

| | |
|---|---|
| Permanent Address | PERMANENT ADDRESS * |
| | PERMANENT ADDRESS |
| | PERMANENT ADDRESS |
| PIN Code | Pincode * |
| | ☐ Same as permanent |
| Communication Address | COMMUNICATION ADDRESS * |
| | COMMUNICATION ADDRESS |
| | COMMUNICATION ADDRESS |
| PIN Code | Pincode * |
| Mobile Phone Number | 9447388600 |
| Email ID | Email ID |

**Actions**

Update Reset

© 2021 - 16. NIC - NATIONAL INFORMATICS CENTRE KERALA

8. ഓൺലൈൻ അപേക്ഷയിൽ ആദ്യമായി വിദ്യാർത്ഥി പത്താം തരം പഠിച്ച സ്കൂളിന്റെ വിവരങ്ങൾ നൽകുക. വിദ്യാർത്ഥി പത്താംതരം പഠിച്ച സ്കൂൾ ഹയർസെക്കണ്ടറി (വൊക്കേഷണൽ) സ്കൂൾ ആണെങ്കിൽ ലിസ്റ്റിൽ നിന്നും പ്രസ്തുത സ്കൂൾ തെരഞ്ഞെടുക്കുക. ഇല്ലെങ്കിൽ Others തെരഞ്ഞെടുക്കുക.

**SSLC School Details**

| | |
|---|---|
| Application Number | 174487 |
| Select school in which candidate passed Qualifying examination | SELECT SCHOOL * |

**Qualifying Examination Details**

| | |
|---|---|
| Scheme | CBSE |
| Register No. | 100001 |
| Month pass | 1 |
| Year pass | 2020 |
| Passed in Board exam | Yes * |

9. അടുത്തതായി യോഗ്യതാ പരീക്ഷയുടെ വിവരങ്ങളാണ് നൽകേണ്ടത്. ലോഗിൻ പേജിൽ നമ്മൾ നൽകിയ വിവരങ്ങൾ (സ്കീം, രജി.സ്റ്റർ നമ്പർ, പാസ്സായ വർഷം, മാസം) അവിടെ കാണിക്കും. ബോർഡ് എക്സാം പാസ്സായോ എന്ന ചോദ്യത്തിന് ബോർഡ് എക്സാം പാസ്സായവർ യെസ് എന്നും അല്ലാത്തവർ നോ എന്നും നൽകുക.

10. അടുത്തതായി വിദ്യാർത്ഥിയുടെ പേര്, ജെൻഡർ, കാസ്റ്റ്, കാറ്റഗറി തുടങ്ങിയ വിവരങ്ങൾ നൽകുക. കാറ്റഗറി (അനുബന്ധം 3) വിശദമായി പരിശോധിച്ച് കൃത്യമായി രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുക. കാറ്റഗറിയിൽ തെറ്റായ വിവരങ്ങൾ നൽകി ലഭിക്കുന്ന അഡ്മിഷൻ നിരസിക്കപ്പെടുമെന്നതിനാൽ വളരെയധികം ശ്രദ്ധയോടെ വേണം ഇത് രേഖപ്പെടുത്തുവാൻ, സംശയമുണ്ടെങ്കിൽ സ്കൂൾ സഹായകകേന്ദ്രങ്ങളുടെ സഹായം തേടാവുന്നതാണ്. വിദ്യാർത്ഥിയുടെ പിതാവിന്റെ പേര്, മാതാവിന്റെ പേര്, രക്ഷാകർത്താവിന്റെ പേര് എന്നിവയും നൽകുക.

**Personal Details**

| | |
|---|---|
| Name | ABCDE * |
| Gender | Male * |
| Caste | C * |
| Category | 1 - General * ☐ belongs to OEC |
| Religion | 2 Christian * |
| Date of Birth | 01-01-2005 |
| Father's Name | AAA * |
| Mother's Name | BBB * |
| Guardian's Name | AAA * |

| | |
|---|---|
| Whether Belongs to Ling.Minority | ☐ |
| Minority Language | SELECT |
| Whether Belongs to Fisherman | ☐ |
| If Physically Challenged | ☐ O.H ☐ Blind ☐ Deaf ☐ Mental |


11. ഇനി നൽകേണ്ടത് ഭാഷാ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടതാണോ (linguistic minority) എന്നും ആണെങ്കിൽ ഏത് ഭാഷാ എന്നും രേഖപ്പെടുത്തുക. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ആ വിവരങ്ങൾ രേഖപ്പെടുത്തുക. (അപേക്ഷകരുടെ രക്ഷാകർത്താക്കൾ IEDC റിസോഴ്സ് അദ്ധ്യാപകരുടേയും മറ്റ് അദ്ധ്യാപകരുടേയും നിർദ്ദേശം തേടി ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥിയുടെ അഭിരുചിക്ക് അനുയോജ്യമായ സ്കൂൾ/കോഴ്സ് തെരഞ്ഞെടുത്ത് ഓപ്ഷനായി അപേക്ഷയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്)

12. അടുത്തതായി വിദ്യാർത്ഥിയുടെ ജില്ല, താലൂക്ക്, പഞ്ചായത്ത് എന്നിവയാണ് രേഖപ്പെടുത്തേണ്ടത്. ഇത് വളരെ ശ്രദ്ധയോടെ രേഖപ്പെടുത്തണം. ഈ വിവരങ്ങൾക്ക് ബോണസ് പോയിന്റ് ഉള്ളതിനാൽ തെറ്റായ വിവരങ്ങൾ നൽകിയാൽ വിദ്യാർത്ഥിയ്ക്ക് ലഭിക്കുന്ന അഡ്മിഷൻ റദ്ദ് ചെയ്യപ്പെടാം.

**Residence Details**

| | |
|---|---|
| Resident State | Kerala * |
| Resident District | SELECT DISTRICT * |
| Resident Taluk | SELECT TALUK * |
| Resident Localbody | SELECT LOCAL BODY * |


13. അപേക്ഷകന്റെ മേൽ വിലാസമാണ് അടുത്തതായി നൽകേണ്ടത്. സ്ഥിര മേൽവിലാസം (Permanent Address), പിൻ കോഡ്, കമ്മ്യൂണിക്കേഷൻ അഡ്രസ്സും ഒന്നാണെങ്കിൽ (Same as Permanent) ടിക്ക് ചെയ്യുക. അപേക്ഷാർത്ഥിയുടേയോ രക്ഷകർത്താവിന്റേയോ ഇ-മെയിൽ വിലാസവും നൽകുക.




14. ഇനി ബോണസ് പോയിന്റ് വിവരങ്ങളാണ് നൽകേണ്ടത്. എൻ.സി.സി (75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം)/സ്കൗട്ട് ആൻഡ് ഗൈഡ് (രാഷ്ട്രപതിപുരസ്കാർ/രാജ്യ പുരസ്കാർ നേടിയവർക്ക് മാത്രം)/ നീന്തൽ അറിവ് (അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം).അടുത്തതായി ലിറ്റിൽ കൈറ്റ്സ് എ ഗ്രേഡ് നേടിയ വിദ്യാർഥികൾ ഉണ്ടെങ്കിൽ Little Kites IT Club ടിക്ക് ചെയ്യുക. അടുത്തതായി ജോലിയിലുള്ളതോ/എക്സ്-സർവ്വീസോ ആയ ജവാൻമാരുടെ ആശ്രിതനാണോ, കൃത്യനിർവ്വഹണത്തിനിടയിൽ കൊല്ലപ്പെട്ട ജവാന്റെ ആശ്രിതനാണോ ആണെങ്കിൽ ശരിയായത് തെരഞ്ഞെടുക്കുക. *(ബോണസ് പോയിന്റുകൾക്ക് അവകാശം ഉന്നയിക്കുന്നവർ അപേക്ഷാ സമർപ്പണ സമയത്ത് നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകൾ കയ്യിൽ ഉണ്ടെങ്കിൽ മാത്രമേ അവകാശമുന്നയിക്കാവൂ. തെറ്റായ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് ബോണസ് പോയിന്റിന് അവകാശം ഉന്നയിച്ചാൽ അപേക്ഷാർത്ഥിയ്ക്ക് ലഭിക്കുന്ന അഡ്മിഷൻ റദ്ദ് ചെയ്യപ്പെടാൻ അത് കാരണമാകും.)* മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിന്റിന് അര്ഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിന്റ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിന്റ് അവകാശപ്പെട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്.




15. കായിക മത്സരങ്ങളിലോ യുവജനോത്സവങ്ങളിലോ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആ വിവരങ്ങൾ രേഖപ്പെടുത്തുക. ആകെ നേടിയ ഗ്രേഡുകളുടെ എണ്ണമാണ് തന്നിരിക്കുന്ന ബോക്സുകളിൽ രേഖപ്പെടുത്തേണ്ടത്. (ഉദാഹരണത്തിന് ജില്ലാതല സ്കൂൾ കലോത്സവത്തിന് രണ്ട് എ ഗ്രേഡുകളും ഒരു ബി ഗ്രേഡും ലഭിച്ച അപേക്ഷകൻ എ ഗ്രേഡിന്റെ ബോക്സിൽ 2 എന്നും ബി ഗ്രേഡിന്റെ ബോക്സിൽ 1 എന്നും ആണ് രേഖപ്പെടുത്തേണ്ടത്) . സംസ്ഥാനതലത്തിൽ പങ്കെടുക്കുകയും ഗ്രേസ് മാർക്ക് ലഭിക്കാതിരിക്കുകയും ചെയ്ത ഇനങ്ങളുടെ എണ്ണമാണ് State Level Participation എന്ന ബോക്സിൽ രേഖപ്പെടുത്തേണ്ടത്.





16. അടുത്തതായി എൻ.ടി.എസ്.ഇ (ദേശീയ/സംസ്ഥാന തല പരീക്ഷയിൽ യോഗ്യത നേടിയവർ) ടിക്ക് ചെയ്യുക. അല്ലാത്തവർ ടിക് ചെയ്യരുത്. സംസ്ഥാനതല ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര- ഗണിത ഐടി പ്രവർത്തി പരിചയ മേളകൾ (പങ്കെടുത്ത് ലഭിച്ച ഗ്രേഡുകളുടെ എണ്ണം).

17. സ്കൂൾ തലത്തിലെ വിവിധ ക്ലബ്ബുകളിലെ പങ്കാളിത്ത സർട്ടിഫിക്കറ്റ് വിവരങ്ങൾ, സ്കൗട്ട് ആൻഡ് ഗൈഡ് പങ്കാളിത്തം (രാഷ്ട്രപതി പുരസ്കാരോ രാജ്യപുരസ്കാരോ ഇല്ലാത്തവർ മാത്രം) ടിക്ക് ചെയ്യുക.

(15,16,17 ഖണ്ഡികയിലെ പറഞ്ഞിരിക്കുന്ന വിവരങ്ങളെല്ലാം ടൈ ബ്രേക്കിങ്ങിന് ഉപയോഗിക്കുന്നതിനാൽ നിർദ്ദിഷ്ട സർട്ടിഫിക്കറ്റുകൾ ഉണ്ടെങ്കിൽ മാത്രമേ അവകാശം ഉന്നയിക്കാവൂ)

18. ചാൻസ് നമ്പർ പത്താതരം യോഗ്യതാ പരീക്ഷ എത്രാം തവണയാണ് പാസ്സായത് (ആദ്യ തവണ ആണെങ്കിൽ 1) ആദ്യമായി പത്താം തരം പരീക്ഷ എഴുതിയ വർഷം തന്നെ സേ പരീക്ഷ എഴുതി വിജയിച്ചവർ 1 എന്ന് തന്നെ രേഖപ്പെടുത്തുക. ഒന്നിലധികം തവണ കളായാണ് പാസ്സായതെങ്കിൽ എത്ര തവണയെന്നത് ചാൻസായി രേഖപ്പെടുത്തണം.



**Co-Curricular Activities**

| | | | | | |
|---|---|---|---|---|---|
| NTSE Qualified | ☐ | | | | |
| | A-Grade | B-Grade | C-Grade | D-Grade | E-Grade |
| State Science Fair | 0 | 0 | 0 | 0 | 0 |
| State Social Science Fair | 0 | 0 | 0 | 0 | 0 |
| State Maths Fair | 0 | 0 | 0 | 0 | 0 |
| State IT Fair | 0 | 0 | 0 | 0 | 0 |
| State Work Experience Fair | 0 | 0 | 0 | 0 | 0 |
| Philately Club | ☐ | | | | |
| Debating Club | ☐ | | | | |
| Oratory Club | ☐ | | | | |
| IT Club | ☐ | | | | |
| Literary Contribution | ☐ In periodicals ☐ In school magazines | | | | |
| Red Cross | ☐ | | | | |
| Social Science Club | ☐ | | | | |
| Science Club | ☐ | | | | |
| Environment Club | ☐ | | | | |
| Forestry Club | ☐ | | | | |
| Maths Club | ☐ | | | | |
| Health Club | ☐ | | | | |


☐ Participation in Scout/Guides(but not awarded Rashtrapathi Puraskar or Rajya Puraskar)

Chance No. *

ഇത്രയും വിവരങ്ങൾ നൽകി സബ്മിറ്റ് ബട്ടൺ ക്ലിക്ക് ചെയ്ത് സബ്മിറ്റ് ചെയ്ത് കഴിയുമ്പോൾ സെലക്ട് ചെയ്ത സ്കീം അനുസരിച്ചുള്ള ഗ്രേഡ് വിവരങ്ങൾ നൽകാനുള്ള പേജ് ദൃശ്യമാകും.

## വിവിധ സ്കീമുകളുടെ ഗ്രേഡ് വിവരങ്ങൾ നൽകാനുള്ള സ്ക്രീനുകൾ

### സ്കീം 1 (SSLC 2021-22)



**Grade Details**


**Application Number** :- 990415
**Scheme Studied** :- 1 - SSLC (2019-2020)
**Qualifying Exam Register Number / Roll No** :- 1234567

| Paper Code | Paper Name | Grade |
|---|---|---|
| 1 | First Language- I | A+ |
| 2 | First Language- II | A+ |
| 6 | English | B+ |
| 7 | Hindi | B |
| 10 | Social Science | A |
| 11 | Physics | B |
| 12 | Chemistry | B+ |
| 13 | Biology | B+ |
| 18 | Mathematics | C |
| 19 | Information Technology | A |

Submit Reset

സ്കീം 1 പ്രകാരമുള്ള അപേക്ഷാർത്ഥിയാണെങ്കിൽ ഗ്രേഡ് വിവരങ്ങൾ കാണിക്കും. ശരിയാണോ എന്ന് മാർക്ക് ലിസ്റ്റ് നോക്കി ഉറപ്പാക്കുക

### സ്കീം 8 (THSLC-Tech Edu 2016 Onwars)



**Grade Entry**

**Application Number** :- 111427
**Scheme Studied** :- 16 - THSLC-Tech.Edu(New Scheme 2016 Onwards)
**SSLC Register Number** :- 123

✔ Candidate details saved successfully!

| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | A+ |
| 6 | English | A |
| 10 | Social Science | B+ |
| 11 | Physics | C+ |
| 12 | Chemistry | A |
| 18 | Mathematics | B+ |
| 52 | General Engineering II | A |
| 53 | Engineering Drawing III | B+ |
| 34 | Trade Theory | B+ |
| 33 | Workshop Practice | A |
| 19 | Information Technology | B |

Submit Reset

സ്കീം 8 പ്രകാരമുള്ളഅപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

## സ്കീം 3 (IHRD New Scheme)

**Grade Details**

**Application Number** :- 99041586
**Scheme Studied** :- 4 - THSLC-IHRD (New Scheme)
**Qualifying Exam Register Number / Roll No** :- 1234567

| Paper Code | Paper Name | Grade |
|---|---|---|
| 42 | Malayalam | SELECT |
| 6 | English | SELECT |
| 24 | Humanities | SELECT |
| 18 | Mathematics | SELECT |
| 11 | Physics | SELECT |
| 12 | Chemistry | SELECT |
| 13 | Biology | SELECT |
| 38 | Computer and IT | SELECT |
| 39 | Computer and IT Lab | SELECT |
| 31 | Electrical Engineering | SELECT |
| 40 | Electronics Trade(Theory) | SELECT |
| 27 | Elelctronics Production Technology (Practical) | SELECT |

Submit Reset

സ്കീം 3 പ്രകാരമുള്ളഅപേക്ഷാർത്ഥിയുടെ മാർക്ക് ലിസ്റ്റ് നോക്കി ഗ്രേഡുകൾ നൽകുക.

## സ്കീം 4 (CBSE)

**Update Grade Entry**

Application Number :- 166616
Scheme Studied :- 6 - CBSE
SSLC Register Number :- 100001

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 7 | Second Language | 33 | 100 | | |
| 18 | Mathematics Select | 33 | 100 | | |
| 43 | Science and Technology | 33 | 100 | | |
| 10 | Social Science | 33 | 100 | | |

Save Reset

1. സി.ബി.എസ്.ഇ 2020 മുതൽ രണ്ട് തരം മാത്സ് പരീക്ഷ നടത്തുന്നുണ്ട് (ബേസിക് മാത്സ്/സ്റ്റാൻഡേർഡ് മാത്സ്) ഇതിൽ സ്റ്റാൻഡേർഡ് മാത്സ് പരീക്ഷ പാസ്സായവർക്ക് മാത്രമേ പ്ലസ് വൺ പ്രവേശനത്തിന് മാത്സ് വിഷയമുൾപ്പെട്ട സയൻസ് കോമ്പിനേഷൻ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ. (സി.ബി.എസ്.ഇ. യുടെ 10.01.2019 ലെ സർക്കുലർ നമ്പർ Acad 3/2019 സി.ബി.എസ്സ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് Mathematics Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ ഹയർസെക്കന്ററി തലത്തിൽ Mathematics ഉൾപ്പെട്ടിട്ടുള്ള വിഷയകോമ്പിനേഷൻഓപ്ഷനായി തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ).

2. അത് കൊണ്ട് സി.ബി.എസ്.ഇ. പാസ്സായ വിദ്യാർത്ഥികൾ ഗ്രേഡ് വിവരങ്ങൾ കൊടുക്കുമ്പോൾ ഏത് മാത്സ് ആണ് പഠിച്ചതെന്നത് (ബേസിക് മാത്സ്/ സ്റ്റാൻഡേർഡ് മാത്സ്) ശ്രദ്ധാപൂർവ്വം തെരഞ്ഞെടുക്കണം. തെരഞ്ഞെടുക്കുമ്പോൾ നിങ്ങൾ തെരഞ്ഞെടുത്ത മാത്സ് ഓപ്ഷൻ ശരിയാണന്ന് ഉറപ്പുണ്ടോ എന്ന് ചോദിക്കും. അത് ശരി കൊടുത്താൽ മാത്രമേ മാത്സിന്റെ മാർക്ക് നൽകാൻ കഴിയുകയുള്ളൂ.

## സ്കീം 5 (ICSE)

**Grade Details**

**Application Number** :- 99041586
**Scheme Studied** :- 6 - ICSE
**Qualifying Exam Register Number / Roll No** :- 1234567

| Paper Code | Paper Name | Min.Mark | Max.Mark | Mark | Grade |
|---|---|---|---|---|---|
| 6 | English | 33 | 100 | | |
| 42 | Language | 0 | 100 | | |
| 23 | History Civics & Geography | 0 | 100 | | |
| 18 | Mathematics | 0 | 100 | | |
| 14 | Science | 0 | 100 | | |
| 36 | Computer Applications | 0 | 100 | | |

Submit Reset

സ്കീം 6 ഐ.സി.എസ്.ഇ പഠിച്ച അപേക്ഷാർത്ഥിയുടെ ഗ്രേഡ് വിവിരങ്ങൾ മാർക്ക് ലിസ്റ്റ് നോക്കി കൃത്യതയോടെ നൽകുക. ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.


1. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം മാത്തമാറ്റിക്സ് ആണെങ്കിൽ ഇക്കണോമിക്സ്, കമ്പ്യൂട്ടർ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് മാത്തമാറ്റിക്സിന്റെ മാർക്കായി പരിഗണിക്കാം.

2. വിദ്യാർത്ഥി പഠിച്ചിട്ടില്ലാത്ത വിഷയം സയൻസ് ആണെങ്കിൽ എൺവിറോൺമെന്റ് സയൻസ്, അഗ്രികൾച്ചറൽ സയൻസ് മുതലായ വിഷയങ്ങളിലൊന്നിന്റെ (രണ്ട് വിഷയങ്ങളുമുണ്ടെങ്കിൽ ആവറേജ്) മാർക്ക് സയൻസിന്റെ മാർക്കായി പരിഗണിക്കാം. ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

3. ഒരു വിദ്യാർത്ഥി കമ്പ്യൂട്ടർ ആപ്ലിക്കേഷൻ പഠിച്ചിട്ടില്ലെങ്കിൽ (Economics Applications, Commericial apploications, Home Sccience, Fashion Designing, Technical Drawing Applications, Environmental Applications) എന്നിവയിലൊന്നിന്റെ മാർക്ക് കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ മാർക്കായി പരിഗണിക്കാം. (പകരമുള്ള വിഷയങ്ങളിൽ ഒന്നിലധികം പഠിച്ചിട്ടുണ്ടെങ്കിൽ ആവറേജ് പരിഗണിക്കാം)

4. ഈ വിഷയങ്ങളൊന്നും പഠിച്ചിട്ടില്ലെങ്കിൽ 0 മാർക്ക് നൽകണം.

സ്കീം 7 (Others)




മുകളിലെ സ്കീമുകളിൽ ഉൾപ്പെടാത്ത സ്കീമുകൾ എല്ലാം (National Institute of open schooling (NIOS), ART HSLC, Other States, Other Countries and Any Other scheme not included in scheme list) ഇവയിൽ ഉൾപ്പെട്ട അപേക്ഷാർത്ഥികളുടെ ഗ്രേഡ് വിവരങ്ങൾ സ്കീം 9 (Others) ൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്. ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ വിദ്യാർത്ഥി പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് മാർക്ക് നൽകുന്ന വിധം താഴെ സൂചിപ്പിക്കുന്നു.

**Grade Points for First Language**

1. Malayalam, Hindi, Bengali, Marathi, Telugu, Urdu, Gujarati, Kannada, Sanskrit, Punjabi, Assamese, Nepali, Oriya, Arabic, Persian, Tamil എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം. ഇവയിൽ ഒന്നിൽ കൂടുതൽ വിഷയം പഠിച്ചിട്ടുണ്ടെങ്കിൽ ഉയർന്ന ഗ്രേഡ് പോയിന്റ് രേഖപ്പെടുത്തണം.

**Grade Points for Science**

2. Science, Home Science എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം. സയൻസ് വിഷയത്തിന്റെ മാർക്ക് തന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിവയ്ക്ക് നൽകുക.

**Grade Points for Social Science**

3. Social Science, Economics, Business Studies, Pschycology, Indian Culture & Heritage എന്നിവയിൽ അപേക്ഷകൻ പഠിച്ചിട്ടുള്ള വിഷയത്തിന്റെ ഗ്രേഡ് പോയിന്റ് നൽകണം.


ഇവിടെ സ്ക്രീനിൽ നൽകിയിട്ടുള്ള വിഷയങ്ങൾ/അല്ലെങ്കിൽ വിഷയങ്ങളുമായി കൂടുതൽ ബന്ധമുള്ളവ പഠിച്ചിട്ടില്ലെങ്കിൽ ആ വിഷയങ്ങൾക്ക് പൂജ്യം (0) മാർക്ക് നൽകണം.

ഇപ്രകാരം നൽകി “Total Papers in the Qualifying Exam” ന്റെ എണ്ണം കണക്കാക്കുമ്പോൾ സയൻസ് 3 വിഷയമായി കണക്കിലെടുക്കണം.

മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റേയും എണ്ണമാണ് “Total Papers in the Qualifying Exam” ബോക്സിൽ എന്റർ ചെയ്യേണ്ടത്. എന്നാൽ പഠിക്കാത്ത വിഷയത്തിന് ഗ്രേഡ് പൂജ്യമായി (0) നൽകിയാൽ “Total Papers in the Qualifying Exam” ന്റെ എണ്ണത്തിൽ അത് ഉൾപ്പെടുത്തരുത്.

മാർക്ക് ലിസ്ററിലെ എല്ലാ പേപ്പറിന്റേയും ഗ്രേഡ് പോയിന്റുകൾ എല്ലാം കൂടി കിട്ടുന്നതാണ് “Total Grade Points Secured” എന്ന ബോക്സിൽ എന്റർ ചെയ്യേണ്ടത്.

**ഗ്രേഡ് പോയിന്റ് എൻട്രി പൂർത്തിയാക്കി കഴിഞ്ഞാൽ ഓപ്ഷൻ നൽകേണ്ട സ്ക്രീൻ ദൃശ്യമാകും.**





*വിദ്യാർത്ഥി പഠിക്കാനുദ്ദേശിക്കുന്ന സ്കൂളിന്റെ കോഡും കോഴ്സ് കോഡും തെരഞ്ഞെടുക്കുക.*

സ്കൂൾ കോഡ് എന്റർ ചെയ്യേണ്ടതിന്റെ തൊട്ടടുത്ത് സ്കൂൾലിസ്റ്റ് കിട്ടുന്ന Need help? Click here to view school list എന്ന ലിങ്ക് ഉണ്ട്, ആവശ്യമെങ്കിൽ അതിൽ ക്ലിക്ക് ചെയ്യുക.

ഇപ്രകാരം അപേക്ഷാർത്ഥിയ്ക്ക് ആവശ്യമുള്ളത്രയും ഓപ്ഷനുകൾ ചേർക്കാവുന്നതാണ്.

ഓപ്ഷനുകൾ നൽകി സബ്മിറ്റ് ചെയ്ത് കഴിഞ്ഞാൽ പത്താം തരം പഠന സ്കീം (Others)ആയിട്ടുള്ളവർ മാർക്ക് ലിസ്റ്റ്/ സർട്ടിഫിക്കറ്റ്, തുല്യതാ സർട്ടിഫിക്കറ്റ് എന്നിവയുടെ സ്കാൻ ചെയ്ത കോപ്പി (File in pdf format and size below 100 KB), അപേക്ഷയിൽ പറഞ്ഞിരിക്കുന്ന ബോണസ് പോയിന്റ് ലഭിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾ (സർട്ടിഫിക്കറ്റ് നമ്പർ, തീയതി, സർട്ടിഫിക്കറ്റ് നൽകിയ അധികാരി മുതലായ വിവരങ്ങൾ) നൽകുവാനുള്ള സ്ക്രീൻ ലഭ്യമാവും.



Certificate Upload


Application Number :- 174487
Scheme Studied :- 3 - THSLC-Tech.Edu(New Scheme 2016 Onwards)
Qualifying Exam Register Number / Roll No :- 123456

| Certificate Details | Certificate No | Date | Issuing Authority | Certificate Uplolad | Update | Certificate View |
|---|---|---|---|---|---|---|
| Qualifying Exam | 1 * | 01-03-2021 * | Tech Education * | - | Submit | - |
| Swim or SPC or NCC or Scout/Guide (Rashtrapathi Puraskar or Rajya Puraskar) | 23 * | 01-10-2020 * | Sports Authority * | - | Submit | - |

Submit All

ഈ വിവരങ്ങൾ ഉൾപ്പെടുത്തി കഴിഞ്ഞ സബ്മിറ്റ് ചെയ്യുമ്പോൾ അപേക്ഷയിലെ വിവരങ്ങൾ കാണുവാനും ആവശ്യമെങ്കിൽ തിരുത്തുവാനും അവസരം ഉണ്ട്.

അപേക്ഷയിലെ വിവരങ്ങൾ ഒരിക്കൽ കൂടി പൂർണമായി പരിശോധിച്ചതിന് ശേഷം അപേക്ഷ സമർപ്പണം പൂർത്തിയാക്കുക.




ക്യാൻഡിഡേറ്റ് ലോഗിൻ വഴി അപേക്ഷാർത്ഥികൾക്ക് തന്നെ ട്രയൽ അലോട്ട്മെന്റ് കഴിഞ്ഞ് അപേക്ഷയിൽ ഓപ്ഷനുകൾ ഉൾപ്പടെ പുനഃക്രമീകരിക്കുവാൻ അവസരം ഉണ്ടാകും.

**ഓരോ വിദ്യാർത്ഥിയുടെയും (WGPA) കണക്കാക്കിയാണ് പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്. അത് കണക്കാക്കുന്ന വിധം ചുവടെ ചേർക്കുന്നു.**

♦ ആദ്യം യോഗ്യതാ പരീക്ഷയിൽ ഓരോ വിഷയത്തിനും അപേക്ഷകന് ലഭിച്ച ഗ്രേഡുകൾ സൂചന പ്രകാരം ഗ്രേഡ് പോയിന്റ് നൽകുന്നു.

| ഗ്രേഡ് | A+ | A | B+ | B | C+ | C | D+ |
|---|---|---|---|---|---|---|---|
| ഗ്രേഡ് പോയിന്റ് | 9 | 8 | 7 | 6 | 5 | 4 | 3 |

♦ വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള ഗ്രേഡ് പോയിന്റുകളുടെ തുകയായ TGP (Total Grade Point) കണക്കാക്കുന്നു.(ഉദാ.പത്ത് വിഷയങ്ങൾക്കും A+ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥിയുടെ TGP 90 ആയിരിക്കും.)

♦ തെരഞ്ഞെടുക്കുന്ന വിഷയകോമ്പിനേഷനുമായി ബന്ധമുള്ള എസ്.എസ്.എൽ.സി പേപ്പറുകൾക്ക് വെയിറ്റേജ് ലഭിക്കുന്നു. ഇങ്ങനെ വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ഗ്രേഡ് പോയിന്റുകൾ പ്രത്യേകം കൂട്ടുന്നു.ഇതാണ് GSW(Total Grade Value of Subjects for which Weightage is Given - വെയിറ്റേജ് ലഭിക്കുന്ന വിഷയങ്ങളുടെ ആകെ ഗ്രേഡ് പോയിന്റ്).

♦ ബോണസ് പോയിന്റുകൾ (BP) (അർഹതയുണ്ടെങ്കിൽ മാത്രം) കണക്കാക്കുന്നു. കുറയ്ക്കേണ്ട മൈനസ് പോയിന്റുകൾ (MP) ഉണ്ടെങ്കിൽ അതും കണ്ടെത്തുന്നു.

ഇനി സൂത്രവാക്യമുപയോഗിച്ച് WGPA കണ്ടെത്തുന്നു.

$$WGPA = \frac{TGP + GSW}{TS+TSW} + \frac{BP-MP}{10}$$

WGPA: Weighted Grade Point Average

TGP: Total Grade Point

GSW: Total Grade vale of subjects for which Weightage is given

BP: Bonus Point

MP: Minus Point

TS: Total Number of Subjects

TSW: Total number of Subjects for which Weightage is given

**WGPA കണക്കാക്കുന്നതിനുള്ള മാതൃക ചുവടെ ചേർക്കുന്നു.**

♦ വിദ്യാർത്ഥിക്ക് ലഭിച്ച ഗ്രേഡുകൾ

| Sub | Mal I | Mal II | Eng | Hindi | Phy | Che | Bio | SS | Maths | IT |
|---|---|---|---|---|---|---|---|---|---|---|
| Grade | A | A | A | A+ | A+ | A | B+ | A+ | A+ | A |
| Grade Point | 8 | 8 | 8 | 9 | 9 | 8 | 7 | 9 | 9 | 8 |

♦ വിദ്യാർത്ഥിയുടെ സ്കീം 1. എസ്.എസ്.എൽ.സി യ്ക്ക് പഠിച്ച സ്കൂളിൽ തന്നെ ഫിസിക്സ്, കെമിസ്ട്രി, ബയോളജി ഉൾപ്പെട്ട് വരുന്ന എൻ.എസ്.ക്യൂ.എഫ് കോഴ്സ്.

♦ അതിനാൽ TGP= 83, GSW= 24, BP= 2, MP=0, TS= 10, TSW=3

$$WGPA = \frac{83+24}{10+3} + \frac{5-0}{10} = 8.7307692$$

**WGPA തുല്യമായാൽ**

ഒന്നിലേറെ അപേക്ഷകർക്ക് തുല്യ പോയിന്റ് ലഭിച്ചാൽ താഴെ പറയുന്ന മുൻഗണന പ്രകാരം ടൈ ബ്രേക്ക് ചെയ്ത് അർഹത നിശ്ചയിക്കുന്നതാണ്

♦ ടൈ വരുന്ന കോമ്പിനേഷന് അപേക്ഷകർ രേഖപ്പെടുത്തിയ മുൻഗണന.

♦ വെയിറ്റേജിന് കണക്കിലെടുത്ത വിഷയങ്ങളുടെ ഉയർന്ന TGP

♦ ഇംഗ്ലീഷിന്റെ ഉയർന്ന ഗ്രേഡ് പോയിന്റ്

♦ ഒന്നാം ഭാഷയുടെ ഉയർന്ന ഗ്രേഡ് പോയിന്റ്

♦ അപേക്ഷന്റെ പ്രാദേശിക പശ്ചാത്തലം (അതെ സ്കൂൾ, അതേ ഗ്രാമപഞ്ചായത്, ഗവ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളില്ലാത്ത ഗ്രാമപഞ്ചായത്, അതേ താലൂക്ക്, അതേ ജില്ല എന്നിങ്ങനെയായിരിക്കും മുൻഗണന ക്രമം

♦ ഇനിയും തുല്യനില തുടർന്നാൽ NTSE, കലാകായിക മത്സരങ്ങൾ, സംസ്ഥാന തല പ്രവർത്തി പരിചയമേള എന്നിവയിലെ മികവ് മുൻഗണക്രമത്തിൽ പരിഗണിക്കും.

(വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് പരിശോധിക്കുക.)